# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2401 12.02.2020- ൽ മറുപടിക്ക്**

**വള്ളിക്കുന്ന് മണ്ഡലത്തിൽ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വള്ളിക്കുന്ന് മണ്ഡലത്തിൽ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ; | എ) | 2019-20 വർഷത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ അഞ്ച് സംരംഭകർക്കായി 30.91 ലക്ഷം രൂപയുടെ ബാങ്ക് ലോൺ ലഭിക്കുന്നതിന് വേണ്ട ടെക്നിക്കൽ ഫെസ്സിബിലിറ്റി റിപ്പോർട്ട് വിവിധ ബാങ്കുകളിലേയ്ക്ക് വ്യവസായ വകുപ്പ് മുഖേന ശുപാർശ ചെയ്യുകയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 6 സംരംഭകർക്ക് 57.46 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രിയുടെ തൊഴിൽദായക അപേക്ഷകൾ നാലെണ്ണം ബാങ്കിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.<br>സംരംഭകത്വ സഹായ പദ്ധതി പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിൽ 5 യൂണിറ്റുകൾക്കായി 49.47 ലക്ഷം രൂപ ഇൻവെസ്റ്റ്മെന്റ് സബ്സിഡി ആയി 2019 -20 വർഷം അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ വ്യവസായ സംരംഭകരെ ബോധവത്കരിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ സംരംഭകത്വ ബോധവൽകരണ പരിപാടിയും താലൂക്ക് തലത്തിൽ നിക്ഷേപ സംഗമവും വള്ളിക്കുന്ന് മണ്ഡലം ഉൾപ്പെട്ട താലൂക്കുകളിൽ 2019 -20 വർഷം നടത്തിയിട്ടുണ്ട്. വള്ളിക്കുന്ന് മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ നിന്നും 495 സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്പ് മുഖേന Geo-tag ചെയ്തിട്ടുണ്ട്. |
| ബി) | വള്ളിക്കുന്ന് മണ്ഡലത്തിൽ വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | ബി) | വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ സംരംഭകത്വ സഹായ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി എന്നിവയിൽ വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി 10% അധിക സബ്സിഡി നൽകുന്നുണ്ട്. 2019 -20 വർഷത്തിൽ |

| | | | |
|---|---|---|---|
| | | | വള്ളിക്കുന്ന് മണ്ഡലത്തിൽ ഒരു വനിതാ സംരംഭകയുടെ 10 ലക്ഷം രൂപയുടെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി വായ്പ ബാങ്കിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. കരകൗശല തൊഴിലാളികൾക്കുള്ള സഹായപദ്ധതി പ്രകാരം 2019 -20 വർഷത്തിൽ ഒരു വനിതാ സംരംഭകയ്ക്ക് 1.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റൊരു പദ്ധതിയായ നാനോ ഗാർഹിക വ്യവസായ പലിശ സബ്സിഡി പദ്ധതി പ്രകാരം നടപ്പുവർഷം ഒരു വനിതാ സംരംഭകയ്ക്ക് 29,073 /- രൂപയുടെ സഹായം നൽകിയിട്ടുണ്ട്. കൂടാതെ സംരംഭകത്വ ബോധവത്കരണ പരിപാടികളിൽ പരമാവധി വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

Anilkumar

**സെക്ഷൻ ഓഫീസർ**